<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3571</u> 25.<u>06.2013 ൽ മറുപടിക്ക്</u>

# <u>വൈദ്യുതി വകുപ്പിന് കീഴിൽ കേടായ മീറ്ററുകൾ മാറ്റുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) വൈദ്യുതി വകുപ്പിന് കീഴിൽ കേടായ മീറ്ററുകൾ മാറ്റുന്നതിന് സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിന് മീറ്ററുകൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) 1) 50,000 ത്രീ ഫേസ് മീറ്ററുകൾക്കുള്ള ഓർഡർ നൽകുകയും, ഇതു പ്രകാരം 15/03/2013 -ൽ 18,700 മീറ്ററുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 31,300 മീറ്ററുകൾ, ജൂൺ 30-ന് മുൻപായി ലഭ്യമാക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഇതിൽ 20,686 മീറ്ററുകൾ റ്റി.എം. ആറുകളിൽ എത്തിക്കഴിഞ്ഞു.<br><br>2) 12 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾക്ക് (എൽ.സി.ഡി, റ്റി.ഒ.ഡി സംവിധാനം ഉള്ളത്) ദർഘാസ് ക്ഷണിക്കുകയും, 24/04/2013- ൽ 12 - ലക്ഷം മീറ്ററുകൾക്കുള്ള ഓർഡർ നൽകുകയും ഉണ്ടായി. ഈ ഓർഡർ പ്രകാരം 17/06/2013 വരെ 1,10,000 മീറ്ററുകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 60,000 മീറ്ററുകൾ ബോർഡിന്റെ റ്റി.എം.ആർ. ഡിവിഷനുകളിൽ ടെസ്റ്റ് ചെയ്ത് സീലിംങ്ങും നടത്തി |

(....2)

2)

സെക്ഷനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. 50,000 എണ്ണത്തിന്റെ ടെസ്റ്റിംങ്ങും, സീലിംങ്ങും റ്റി.എം.ആറുകളിൽ യുദ്ധ കാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. ശേഷിക്കുന്നത് പ്രതിമാസം 2 ലക്ഷം എന്ന തോതിൽ നവംബർ 2013 നകം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

3).31/05/2013-ൽ 5,000 എൽ.റ്റി, സിറ്റി. മീറ്ററുകൾക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത മീറ്ററുകൾ 31/07/2013 ന് മുൻപായി ലഭ്യമാക്കാനുള്ള നിർദ്ദേശമാണ് മീറ്ററിന് ഓർഡർ നൽകിയ കമ്പനിയ്ക്ക് നൽകിയിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**